പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 943 11.06.2014 ലെ മറുപടിയ്ക്ക്

## ജലവിമാന സർവ്വീസ് പദ്ധതി

| ചോദ്യം<br>ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) | കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളെ വായു മാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉത്പന്നം അവതരിപ്പിക്കുന്നതിനും യാത്രാ ദൈർഘ്യം കുറയ്ക്കുന്നതിനും വേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. |
| സി) | പ്രധാന ടൂറിസം സെന്ററുകളെ ബന്ധപ്പെടുത്താനും അതു വഴി ടൂറിസം മേഖലയ്ക്ക് ഉണർവ്വ് നൽകുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) | സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുക വഴി ടൂറിസം രംഗത്ത് ഒരു നൂതന ഉത്പന്നം കൂടി സഞ്ചാരികൾക്ക് നൽകുക എന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാന്റ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉല്പന്നം ലഭ്യമാക്കുകയും ചെയ്യും എന്നാണ് പ്രതീക്ഷിക്കുന്നത്. സീപ്ലെയിൻ പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സീപ്ലെയിൻ ഓപ്പറേഷൻസ് പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ ദൗത്യം. ഇതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വാട്ടർ ഡ്രോമുകൾ, ഫ്ലോട്ടിംഗ് ജട്ടികൾ, സുരക്ഷാ പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ, സ്പീഡ് ബോട്ടുകൾ മുതലായവ ഒരുക്കിയിട്ടുണ്ട്. ഓപ്പൺ സ്കൈ പോളിസി മുഖേന കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | ഏത് ഏജൻസികൾക്കും ഓപ്പറേറ്റ് ചെയ്യാവുന്നതാണ്. ജലവിമാന പദ്ധതി കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) | പദ്ധതി എന്ന് മുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | പദ്ധതി 2013 ജൂൺ 2 ന് കൊല്ലം അഷ്ടമുടിയിൽ ഔദ്യോഗികമായി തുടക്കം കുറിച്ചു. പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2014 സെപ്തംബർ മാസത്തോടെ ആരംഭിക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ